ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട രാജൻ ചോദിച്ചത് ശ്രദ്ധയിൽപ്പെട്ടില്ലെന്നു പറഞ്ഞു. ഈ എം. പി. അശോകൻ വെളിയം ഭാർഗവന്റെ ഭാര്യാസഹോദരനാണെന്നുള്ള കാര്യം ഗവൺമെന്റിന് അറിയാമോ?

ശ്രീ. ഒ. കോരൻ: അറിഞ്ഞുകൂടെന്നാണു പറഞ്ഞത്.

പ്രവർത്തനം മുടങ്ങിക്കിടക്കുന്ന ജലസേചനപദ്ധതികൾ

* 38 (145) ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ?

(എ) ആവശ്യമായ ഫണ്ടില്ലാത്തതിന്റെ പേരിൽ പ്രവർത്തനം മുടങ്ങിക്കിടക്കുന്ന ഏതെല്ലാം ജലസേചന പദ്ധതികൾ ഈ സംസ്ഥാനത്തുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിൽനിന്ന് ജലസേചനപ്രവർത്തനങ്ങൾക്കായി വല്ല സംഖ്യയും അനുവദിച്ചുകിട്ടുകയുണ്ടായോ;

(സി) ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും ആരംഭിക്കാത്തവ ഉടനെ ആരംഭിക്കുന്നതിനും ഒരു പ്രത്യേകവാരം കൊണ്ടാടുന്ന കാര്യം പരിഗണിക്കാമോ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) പ്രവർത്തനം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഒന്നും തന്നെയില്ല.

(ബി) വൻകിട ജലസേചന പദ്ധതികൾക്കായി 180 ലക്ഷം രൂപയും, ചെറുകിട ജലസേചന പദ്ധതികൾക്കായി 50 ലക്ഷം രൂപയും കൂടുതലായി കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(സി) ഒരു പ്രത്യേകവാരം കൊണ്ടാടുന്നതുകൊണ്ട് ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്താമെന്നു ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: മലപ്പുറം ജില്ലയിലെ പല ചെറുകിട ജലസേചന പദ്ധതികളും ഫണ്ടില്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുകയാണ്. ഇത്തരം പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. കോരൻ: അവിടുത്തെ ജലസേചന പദ്ധതികളുടെ പ്രവർത്തനം മുടങ്ങിക്കിടക്കുന്നതായി ഗവൺമെന്റിന് അറിവില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: തിരുവനന്തപുരം ജില്ലയിൽ മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങളെ ആശ്രയിച്ചാണ് കൃഷിപ്പണി നടത്തുന്നത്. ഇപ്പോൾ മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ സ്തംഭിച്ചു കിടക്കുന്ന സ്ഥിതിക്ക് കൂടുതൽ തുക ഈ ജില്ലയിലേക്ക് അലോട്ട് ചെയ്യാൻ വേണ്ട ഏർപ്പാട് ഉണ്ടാക്കുമോ?

ശ്രീ. ഒ. കോരൻ: മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് പ്രത്യേകിച്ച് 50 ലക്ഷം രൂപാ ആവശ്യപ്പെട്ടതു നമ്മുടെ മുടങ്ങിപ്പോയ പദ്ധതികൾക്കായിരുന്നു. തിരുവനന്തപുരം ജില്ലയിലെ കാര്യം പ്രത്യേകിച്ച് ചോദിച്ചാലേ പറയുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ്: ജലസേചന പദ്ധതികൾക്ക് ഇത്രയും തുക കേന്ദ്രഗവൺമെന്റ് അനുവദിച്ചു എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ തുക റഗുലർ ഫണ്ടിനു പുറമേയാണോ, അതോ അതിൽപ്പെട്ടതാണോ?

ശ്രീ. ഓ. കോരൻ: പ്രത്യേകിച്ചു നൽകിയതാണ്.

ശ്രീ. വി. വി. കുഞ്ഞമ്പു: പ്രവർത്തനം തുടങ്ങിക്കഴിഞ്ഞതും പൂർത്തിയാക്കാൻ സാധിക്കാത്തതുമായ എല്ലാ ജലസേചന പദ്ധതികളും പൂർത്തിയാക്കിയതിനു ശേഷമേ പുതിയ പദ്ധതികൾ തുടങ്ങുകയുള്ളു എന്നു ഗവൺമെന്റ് വല്ല വ്യക്തമായ തീരുമാനവും എടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ കാക്കടവ് ഡാമിന്റെ പ്രവർത്തി എപ്പോൾ തുടങ്ങാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. ഓ. കോരൻ: കേന്ദ്രഗവൺമെന്റ് പ്രത്യേകിച്ച് നിർദ്ദേശം നൽകിയിട്ടുള്ളത്, മുടങ്ങിപ്പോയിട്ടുള്ള പദ്ധതികൾ പൂത്തിയാക്കിയതിനു ശേഷമേ മറ്റുള്ള പദ്ധതികൾ എടുക്കാവൂ എന്നാണ്.

ശ്രീ. പി. പി. ജോർജ്: കൂടുതലായി കേന്ദ്രഗവൺമെന്റ് അനുവദിച്ച തുകയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. റഗുലർ പ്ലാൻ ഫണ്ട് എത്രയാണെന്നു പറയാമോ?

ശ്രീ. ഓ. കോരൻ: നോട്ടീസ് വേണം.

ശ്രീ. ഈ. ചന്ദ്രശേഖരൻനായർ: മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കു കൂടുതൽ ഫണ്ട് അനുവദിച്ചുഎന്നു പറഞ്ഞു. കഴിഞ്ഞവർഷത്തിൽ പഞ്ചായത്തുകൾ നടത്തിയിട്ടുള്ള മൈനർ ഇറിഗേഷൻ വർക്കുകൾക്ക് ഫണ്ടില്ലാത്തതുകൊണ്ട് ബിൽ ഫൈനലായി പാസ്സാക്കിയിട്ടില്ലെന്നു നിരവധിപഞ്ചായത്തുകൾ പരാതി കൊടുത്തിട്ടുണ്ട്. ഫണ്ട് അലോട്ട് ചെയ്യുമ്പോൾ ഇത്തരം പഞ്ചായത്തുകളുടെ പേമെന്റുകൂടി നടത്തുന്ന കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. ഓ. കോരൻ: അതിനുവേണ്ടിയാണ് 50 ലക്ഷം രൂപാ ഉപയോഗപ്പെടുത്തുന്നത്.

ശ്രീ. പി. രാമലിംഗം: കൊല്ലം ജില്ലയിലെ അടൂർ നിയോജകമൺഡലത്തിൽ മൂന്നാം പദ്ധതിയിൽ തുക കൊള്ളിച്ചിട്ടുള്ളതും, ഇന്നേവരെ പണി ആരംഭിച്ചിട്ടില്ലാത്തതുമായ മണ്ണടി സെറിൽമെന്റ് സ്കീമിന്റെ ഇറിഗേഷൻ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ്. അതിന് എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ? അതിന്റെ പ്രവർത്തനം ഉടൻതന്നെ തുടങ്ങുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഓ. കോരൻ: നോട്ടീസ് വേണം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ചെറുകിട ജലസേചന പദ്ധതികളുടെ പ്രവർത്തനം മന്ദീഭവിക്കുന്നതിന്റെ പ്രധാന കാരണം ഇൻവെസ്റ്റിഗേഷൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതുകൊണ്ടാണെന്നുള്ള വസ്തുത മനസ്സിലാക്കി ഇൻവെസ്റ്റിഗേഷൻ വിംഗ് കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഓ. കോരൻ: ഇൻവെസ്റ്റിഗേഷൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമുള്ളതല്ലെന്ന് ഗവൺമെന്റ് വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: മുടങ്ങിക്കിടക്കുന്നില്ലെങ്കിലും വേണ്ടത്ര പുരോഗതിയില്ലാത്ത രാജ്യത്തെ ഏറ്റവും വലിയ ജലസേചനപദ്ധതിയായ കല്ലട ജലസേചന പദ്തികൂടുതൽ പുരോഗമിപ്പിക്കുന്നതിനും അതിന്റെ പണി വേഗം പൂർത്തിയാക്കുന്നതിനും വല്ല നടപടിയും എടുത്തിട്ടുണ്ടോ; പ്രത്യേകമായി അനുവദിച്ച തുകയിൽ കല്ലടപദ്ധതിക്ക് വല്ലതും നീക്കിവച്ചിട്ടുണ്ടോ ?

ശ്രീ. ഒ. കോരൻ : രാജ്യത്തെ ഏറ്റവും വലിയ പദ്ധതിയാണെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നില്ല. സ്റ്റേറ്റിനെസംബന്ധിച്ച് പ്രധാനപദ്ധതിയാണ്. നമുക്ക് കിട്ടിയിട്ടുള്ള തുക രണ്ടു പ്രത്യേക പദ്ധതികൾക്കായി കേന്ദ്രഗവൺമെന്റ് നൽകിയിട്ടുള്ളതാണ്. കുറിയാടി പദ്ധതിക്ക് 75 ലക്ഷം രൂപയും പമ്പാ പദ്ധതിക്ക് 75 ലക്ഷം രൂപയും വിനിയോഗിക്കണമെന്ന് പ്രത്യേകമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. സി. കണ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി പദ്തികളൊന്നും മുടങ്ങിക്കിടക്കുന്നില്ലെന്ന്. എന്നാൽ 1958—ൽ ആരംഭിച്ചതും ഇന്നേവരെ പൂർത്തിയാകാത്തതും കഴിഞ്ഞ കുറെ വർഷമായി മുടങ്ങിക്കിടക്കുന്നതുമായ അഞ്ചരക്കണ്ടി ജലസേചനപദ്ധതിയുടെ പ്രവൃത്തി എന്തായി. അതു തുടർന്നു നടത്താനുള്ള വല്ല പരിപാടിയും ഗവൺമെന്റിനുണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ : പ്രത്യേകം നോട്ടീസ് തന്നാലേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: മൈനർ ഇറിഗേഷൻ പദ്ധതികൾ തുടങ്ങിയിട്ടുള്ളത് പൂർത്തിയാക്കാൻവേണ്ടിയാണ് ഫണ്ട് ഉപയോഗിക്കുക എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പണി ആരംഭിച്ചതും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ലാൻറ് അക്വിസിഷനൊക്കെ കഴിഞ്ഞിട്ടുള്ളതുമായ പണികളൊക്കെ ഇതിന്റെ കൂട്ടത്തിൽ വരുമോ?

ശ്രീ. ഒ. കോരൻ: പ്രത്യേകിച്ച് അലോട്ട് ചെയ്തിട്ടുള്ള സംഖ്യ പ്രത്യേകമായ പദ്ധതികൾക്കുവേണ്ടിമാത്രമേ ചെലവുചെയ്യാൻ പാടുള്ളൂ എന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ : കഴിഞ്ഞ 5 വർഷത്തിലധികമായി ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചിട്ടുള്ള പേരാവൂർ—കാക്കത്തുരുത്തി പദ്ധതി ഇതുവരെ നടപ്പാക്കാത്തത് എന്തുകൊണ്ടാണ്.

ശ്രീ. ഒ. കോരൻ : അതിനുവേണ്ട നടപടികൾ കൈക്കൊണ്ടുവരികയാണ്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: പഴശ്ശി ജലസേചനപദ്ധതിയുടെ പ്രവർത്തനം ഫണ്ടില്ലാത്തതിന്റെ ഫലമായി വളരെയേറെ മന്ദീഭവിച്ചിരിക്കുകയാണെന്നും ഈ നിലയ്ക്കു പോവുകയാണെങ്കിൽ പത്തിരുപതു കൊല്ലം കൊണ്ടേ ഇതിന്റെ പണി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്നും വിദഗ്ദ്ധൻമാരിൽനിന്നും മനസ്സിലാക്കാൻസാധിച്ചിട്ടുള്ളത് വാസ്തവമാണോ? ഇതില്ലാതാക്കുന്നതിനുവേണ്ടി പണി പുരോഗമിപ്പിക്കാൻ ആവശ്യമായ പ്രവർത്തനം നടത്തുമോ; ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

ശ്രീ. ഒ. കോരൻ : പഴശ്ശി പദ്ധതിക്ക് ഇക്കൊല്ലം 25 ലക്ഷം രൂപയായിരുന്നു. 75 ലക്ഷം രൂപ ചെലവായിക്കഴിഞ്ഞു. 50 ലക്ഷം കൂടി ഉണ്ടായാൽ മാത്രമേ പദ്ധതി പരിപൂർണ്ണമായി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ജോർജ്ജ്: തൃശൂർ ജില്ലയിലെ ചിമ്മിനി–മുപ്പി സ്കീമിനു് ഗവൺമെൻറു് മുൻഗണന നൽകിയിട്ടുണ്ടോ? കേന്ദ്രഗവൺമെൻറിൻെറ അനുമതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ : പ്രത്യേകം നോട്ടീസു് വേണം.

ശ്രീ. എം. രാമുണ്ണി : പ്രവൃർത്തികളൊക്കെ കഴിഞ്ഞിട്ടും വെള്ളം ലഭിക്കാതെ കിടക്കുന്ന, പ്രവർത്തനരഹിതമായിക്കിടക്കുന്ന മൈനർ ഇറിഗേഷൻ സ്കീമിൽ വെള്ളം ലഭിക്കാനാവശ്യമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ : പൂർത്തീകരിച്ചിട്ടുവെള്ളം ലഭിക്കാത്തതിൻെറ കാരണമെന്താണെന്നു ഗവൺമെൻറിനറിവില്ല.

ശ്രീ. എം. രാമുണ്ണി : അങ്ങനെ എത്രയോ പദ്ധതികളും വെള്ളം ലഭിക്കാതെ കിടക്കുന്നുണ്ടു്. അങ്ങനെയുള്ളതു് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുമോ?

മി. സ്പീക്കർ : അങ്ങനെയുള്ള പദ്ധതികളും എവിടെയുണ്ടെന്നു ചൂണ്ടിക്കാണിച്ചു കൊടുക്കണം.

ശ്രീ. ഒ. കോരൻ : പ്രത്യേകിച്ചു പറയാൻ സാധിക്കുകയില്ല.

ശ്രീ. എസ്. ദാമോദരൻ : രാജ്യത്തെ ഏറ്റവും വലിയ ജലസേചനപദ്ധതിയായ തണ്ണീർമുക്കം ബണ്ടിൻെറ പ്രവർത്തനം വളരെ വർഷങ്ങളായി മന്ദഗതിയിലാണു്. അതിൻെറ പ്രവർത്തനം ഉടൻ പൂർത്തിയാക്കുന്നതിനു് അടിയന്തിര നടപടികളും കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ : നോട്ടീസു് വേണം.

ശ്രീ. ഏ. വി. ആര്യൻ : തൃശൂർ ഡിസ്ട്രിക്ടിൽപ്പെട്ട പൂമാല–പത്തായക്കുണ്ടു് ഈ രണ്ടു സ്കീമുകളും വളരെക്കാലമായി ഗവൺമെൻറു് എടുത്തു നടത്തിയിരുന്നു. ഈ അടുത്തകാലത്തു് അതു നിറുത്തിവയ്ക്കുന്നതിനു് പ്രത്യേക വല്ല കാരണവും ഉണ്ടോ; അതു തുടർന്നു നടത്താൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഒ കോരൻ: ഈ ചോദ്യത്തിൽ വരാത്തതുകൊണ്ടു് പ്രത്യേകിച്ചു് ഉത്തരം പറയാൻ സാദ്ധ്യമല്ല.

ശ്രീ. ഏ. വി. ആര്യൻ: മൈനർ ഇറിഗേഷനിൽപ്പെട്ട രണ്ടു പദ്ധതികളും വളരെയധികം പൈസ ചെലവാക്കിക്കഴിഞ്ഞതിനുശേഷം അതിനകത്തുണ്ടായിരുന്ന ഒരു സ്ഥലം ഗവൺമെൻറു് അക്വയർ ചെയ്തു കഴിഞ്ഞതിനുശേഷവും അതിൽ റബർ വച്ചു പിടിപ്പിച്ചതിൻെറ ഫലമായിട്ടു് പണിമുടങ്ങിക്കിടക്കുകയാണു്. അതു തുടർന്നു നടത്തുന്നതിനു് ഗവൺമെൻറിനു് എന്തെങ്കിലും സ്കീമുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : ആവശ്യമുള്ള ഫണ്ടില്ലാത്തതുകൊണ്ടു് ഇൻവെസ്റ്റിഗേഷൻ മുടങ്ങിക്കിടക്കുകയാണു്.

ശ്രീ. ഒ. കോരൻ : പ്രത്യേകിച്ചു് നോട്ടീസു് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : സർ, ശ്രീ. പി. ആർ. കുറുപ്പ് മറുപടി പറയുന്നതുകേട്ടു. അദ്ദേഹം മന്ത്രിയാണെന്നു വിചാരിച്ചുകൊണ്ടാണോ പറഞ്ഞത്.

ശ്രീ. ടി. എ. മജീദ് : മറുപടിയല്ല പറഞ്ഞത്. വിവരക്കേടു പറയുന്നതെന്തിനാണ്.

മി. സ്പീക്കർ : ചോദ്യത്തിൽനിന്ന് ഉൽഭൂതമാകുന്നതല്ലാത്ത ചോദ്യങ്ങൾ ചോദിക്കുന്നതു ശരിയാണോ എന്നാണ് അദ്ദേഹം ചോദിച്ചതിന്റെ അർത്ഥം. ശ്രീ. പി. രാമുണ്ണിക്കുറുപ്പ് അദ്ദേഹത്തിന്റെ ഓർമ്മ വച്ചുകൊണ്ട് എന്തെങ്കിലും പറഞ്ഞാലും തെറ്റൊന്നും ഉണ്ടാകാൻ പോകുന്നില്ല.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : കല്ലട നദീതടപദ്ധതിക്കാവശ്യമായ ഫണ്ട് വായ്പയായി കിട്ടുന്നതിനുവേണ്ടി, ദാമോദർ റിവർവാലി കോർപ്പറേഷൻ പോലുള്ള കോർപ്പറേഷൻ രൂപീകരിക്കുന്ന ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. ഒ. കോരൻ: ഇതുവരെ അതേപ്പറ്റി ആലോചിച്ചിട്ടില്ല. ആദ്യം എസ്റ്റിമേറ്റ് ഉണ്ടാക്കിക്കഴിഞ്ഞതിനുശേഷം അതിൽ പിന്നീടുള്ള നടപടികൾ പ്രത്യേകിച്ച് ലാൻറ് അക്വിസിഷൻ വളരെയധികം താമസം വരാറുണ്ട്. അങ്ങനെ രണ്ടോ മൂന്നോ കൊല്ലം കഴിയുമ്പോൾ ആദ്യത്തെ എസ്റ്റിമേറ്റുസംഖ്യ പുതുക്കേണ്ടിവരുന്നുണ്ട്. ഏതാണ്ട് അവസാന പ്രവർത്തിയിലെത്തുമ്പോൾ വളരെ സംഖ്യ വേണ്ടിവരും. ഇതൊഴിവാക്കാൻ ആദ്യംതന്നെ ഇത്തരം നടപടികൾ കുറേ ലഘൂകരിച്ചുകൊണ്ട് എസ്റ്റിമേറ്റുണ്ടാക്കിക്കഴിഞ്ഞാൽ ആദ്യത്തെ സംഖ്യയിൽത്തന്നെ നടത്താൻ കഴിയുന്നരീതിയിൽ ത്വരിതപ്പെടുത്താൻ വല്ല നടപടിയും നടത്തുമോ?

ശ്രീ. ഒ. കോരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. പദ്ധതി ആരംഭിച്ചിട്ട് ഓരോ കൊല്ലം കഴിയുംതോറും കൂടുതൽ സംഖ്യ വേണ്ടിവരും. പഴശ്ശി പദ്ധതിക്ക് 5 കോടി രൂപ ആയിരുന്നത് 13 കോടിയിൽ എത്തിയിരിക്കുകയാണ്. ഓരോകൊല്ലം കഴിയുംതോറും ഭൂമിയുടെ വിലയും തൊഴിലാളികളുടെ പ്രശ്നവും മറ്റും വരുന്നതുകൊണ്ട് കൂടുതൽ കൂടുതൽ സംഖ്യ വേണ്ടിവരുന്നുണ്ട്. അതുകൊണ്ടാണ് ആരംഭിക്കുന്ന പദ്ധതികൾ വളരെ വേഗത്തിൽ പൂർത്തിയാക്കണമെന്ന് കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കടുത്തുരുത്തി—മുളക്കുളം എന്ന സ്ഥലത്ത് ഇറിഗേഷൻ പണി തീർന്നു. വെള്ളം പോകുന്ന വഴിക്കു തോടു വെട്ടിക്കൊടുക്കാത്തതിന്റെ ഫലമായി പണിതതു മുഴുവൻ യാതൊരു ഉപകാരവുമില്ലാതെ കിടക്കുകയാണ്.

Mr. Speaker : Order, order. That is another question.

ശ്രീ. ബി. മാധവൻനായർ: പല ജലസേചനപദ്ധതികളും അനുവദിക്കുകയും ഫണ്ടില്ലാത്തതുമൂലം നടപ്പിൽ വരുത്താതിരിക്കുകയും ചെയ്യുന്നതിന്റെ ഫലമായിട്ട് വീണ്ടും ഫണ്ടു കിട്ടുമ്പോൾ എസ്റ്റിമേറ്റിൽനിന്നും കുറവുണ്ടാകുന്നതുകൊണ്ട് ആവശ്യമായിത്തീരുകയും കോൺട്രാക്ടർമാർ ടെൻഡർ കൊടുക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. ഇങ്ങനെ പല പദ്ധതികളും മുടങ്ങിപ്പോയിട്ടുണ്ട്. അതുകൊണ്ട് ഒരു മാതൃക എന്ന നിലയിൽ, പല സംസ്ഥാന ഗവൺമെൻറുകളും ഇതിനകം ചെയ്തുകഴിഞ്ഞിട്ടുള്ളതുപോലെ കേരളത്തിലെ ഒന്നോ രണ്ടോ പദ്ധതികൾ ഗവൺമെൻറ് നേരിട്ട് നടത്തുന്നകാര്യം പരിഗണിക്കുമോ; അതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ : ഇതു ഗവൺമെൻറിൻെറ നയപരമായി അംഗീകരിക്കപ്പെടേണ്ട തത്വമാണ്. അതുകൊണ്ട് പ്രത്യേകിച്ച് ഉത്തരം പറയാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ആർ. എസ്. ഉണ്ണി : നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ജലസേചനപദ്ധതി ഏതാണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ : കല്ലട.

ശ്രീ. പി. ഗംഗാധരൻ : ഏതാണ്ട് ആറായിരം ഏക്കർ കാണപ്പെടുന്ന കുമ്പളങ്ങി—എഴുപുന്ന സ്പിൽവേയുടെ പണി ഇനിയും നടത്താത്തതു എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. ഒ. കോരൻ : പണി തുടങ്ങിയിട്ടില്ലെങ്കിൽ അതിൻെറ കാരണത്തെപ്പറ്റി അന്വേഷിക്കാം.

ശ്രീ. എ. വി. ആര്യൻ : കച്ചിത്തോടു സ്കീമിനു പത്തിരുപത്തിയാറു ലക്ഷം രൂപ ചെലവാക്കിക്കഴിഞ്ഞ ശേഷം ഒരുതുള്ളിവെള്ളം പോലും അതിനകത്തില്ലെന്നുള്ളതു ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിനുമുൻപുണ്ടായിരുന്ന ജലസേചന മന്ത്രി ശ്രീ. പി. ആർ. കുറുപ്പ് അവിടം സന്ദർശിച്ച് വെള്ളം ഇല്ലെന്നു ബോധ്യപ്പെട്ടതിനുശേഷം നന്നാക്കാമെന്നു കഴിഞ്ഞകൊല്ലം പറഞ്ഞിട്ട് ഇന്നുവരെ ശ്രദ്ധിക്കാത്തതിനു പ്രത്യേക വല്ലകാരണങ്ങളുമുണ്ടോ?

ശ്രീ. ഒ. കോരൻ : നോട്ടീസ് വേണം.

ശ്രീ. എം. കെ. എ. ഹമീദ് : ആദ്യം ഉദ്ദേശിച്ച കാലയളവിൽക്കൂടുതൽ സമയം പദ്ധതികളുടെ പണി പൂർത്തിയാക്കാൻവേണ്ടി വരുന്നതുകൊണ്ട് അതിൻെറ കോസ്റ്റു വളരെക്കൂടിപോകുന്നുവെന്നുബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു ശരിയാണ്. ഇപ്പോഴത്തെ രീതി അഞ്ചാറു പദ്ധതികളും ഒരേ സമയം നടക്കുകയാണെങ്കിൽ ഈ പദ്ധതികൾക്കെല്ലാം ആയി പരിമിതമായുള്ള പണം അലോട്ട് ചെയ്യുന്ന സംപ്രദായമാണ് നിലവിലുള്ളത്. ഈ സംപ്രദായം തുടരുകയാണെങ്കിൽ ഈ പദ്ധതികളൊന്നും അടുത്തകാലത്തൊന്നും പൂർത്തിയാവുകയില്ല; കോസ്റ്റു വർദ്ധിക്കുകയും ചെയ്യും. അതുകൊണ്ട് ഇപ്പോഴുള്ള സമീപന രീതി ഉപേക്ഷിച്ച് അഞ്ചാറു പദ്ധതികളിൽ നിന്നു ഒന്നോ രണ്ടോ മൂന്നോ മാത്രം എടുത്തു കഴിയുന്നതും വേഗം പൂർത്തിയാക്കാനും അതിൽനിന്നുള്ള ഗുണം ലഭ്യമാക്കാനും ഗവൺമെൻറുതയ്യാറാകുമോ ?

ശ്രീ. ഒ. കോരൻ : ഇപ്പോഴം ആരംഭിച്ചിട്ടുള്ള പദ്ധതികളെല്ലാം കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതാണ്. ഇനി പുതിയതു ഏറ്റെടുക്കുന്ന പ്രശ്നം വരുന്നില്ല. ഈ പദ്ധതികൾക്കെല്ലാം കേന്ദ്രഗവൺമെൻറിൻെറ സാമ്പത്തികസഹായം അഭ്യർത്ഥിച്ചുകൊണ്ടുതന്നെ നിശ്ചിത കാലത്തിനുള്ളിൽ പൂർത്തിയാക്കാനുള്ള നടപടിയാണ ഗവൺമെൻറ് കൈക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. ശ്രീധർ : വാമനപുരം നദീതട പദ്ധതിയുടെ പ്രവർത്തനത്തിനുള്ള വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ; കേന്ദ്രഗവൺമെൻറിൻെറ സഹായം ലഭിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ : നോട്ടീസ് കൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) : കാഞ്ഞിരപ്പുഴ പദ്ധതിയുടെ അലോട്ടുമെന്റ് തീർന്നതുകൊണ്ട് പണി നിർത്തിവച്ചിരിക്കുകയാണെന്നും കരാറുകാർ സ്ഥലം വിട്ടിരിക്കുകയാണെന്നും പറഞ്ഞുകേൾക്കുന്നു. പാലക്കാടു ഡി. ഡി. സി. തന്നെ ഉടനെ ആവശ്യമായ തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു തീരുമാനം എടുത്തിട്ടുള്ളതായി അറിയുന്നു. ഗവൺമെൻറു വല്ലതും ഇക്കാര്യത്തിൽ ചെയ്തിട്ടുണ്ടോ ?

ശ്രീ. ഒ. കോരൻ : അതിനു 25 ലക്ഷം രൂപയായിരുന്നു. അതു 56 ലക്ഷം രൂപ ചെലവു ചെയ്തു. മെമ്പർ പറഞ്ഞതു ശരിയാണ്. കൂടുതൽ ഫണ്ട് ആവശ്യമാണെന്നുള്ളതു് തീർച്ചയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : മേജർ സ്കീംസ് രണ്ടെണ്ണത്തിനു സ്പെഷ്യൽ ഫണ്ട് അലോട്ടു ചെയ്തുവെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ച വലിയ പദ്ധതിയായ കല്ലട ജലസേചന പദ്ധതിയെ സംബന്ധിച്ചിടത്തോളം ഇക്കഴിഞ്ഞ അഞ്ചാറു മാസമായി ഉദ്യോഗസ്ഥൻമാരുടെ ശമ്പളം കൊടുക്കാനല്ലാതെ ഒരു പൈസ പോലും വർക്കിനായി ഉപയോഗിക്കാൻ സാധിക്കുന്നില്ല. പകുതിയായ ആ പണി പൂർത്തിയാക്കാൻ വേണ്ടി രണ്ടു പദ്ധതികൾക്കു സ്പെഷ്യൽ ഫണ്ട്സ് വാങ്ങിച്ചതുപോലെ ഈ പദ്ധതിക്കും സ്പെഷ്യൽ ഫണ്ട് വാങ്ങിക്കാൻ ഗവൺമെൻറു ശ്രദ്ധിക്കുമോ?

ശ്രീ. ഒ. കോരൻ: പ്രത്യേകിച്ച് രണ്ടു പദ്ധതികൾക്കു വേണ്ടിയല്ല ആവശ്യപ്പെട്ടിട്ടുള്ളത്. സ്റ്റേറ്റിന്റെ വികസനപദ്ധതികൾ കാര്യക്ഷമമായി കൊണ്ടുപോകാൻ പണമില്ലാത്തതു കൊണ്ട് വളരെ വിഷമമുണ്ടെന്നു ആവശ്യപ്പെടുകയല്ലാതെ പ്രത്യേകിച്ചുവല്ല പദ്ധതിക്കും വേണ്ടി പണം വേണമെന്നു കേന്ദ്രഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടില്ല. ചുരുങ്ങിയതു രണ്ടുകോടിതരണമെന്നാണാവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞപ്പോൾ 150 ലക്ഷം രൂപ ഏതോ രണ്ടു പദ്ധതികൾക്കു പ്രത്യേകമായി ഈയർമാർക്ക് ചെയ്തിരിക്കുന്നതാണെന്നു പറഞ്ഞു. അങ്ങനെ ഓരോ പദ്ധതിക്കായിട്ട് കിട്ടുകയാണെങ്കിൽ ഇപ്പോൾ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാൻ മാത്രം ഫണ്ട്സ് ഉള്ള കല്ലട പദ്ധതിക്കു പ്രത്യേകമായി ഈയർമാർക്കു ചെയ്തു അലോട്ടുമെൻറിനു ഗവൺമെൻറു ശ്രമിക്കുമോ ?

ശ്രീ. ഒ. കോരൻ: കേന്ദ്രഗവൺമെൻറ് ഇന്ന പദ്ധതികൾക്കാണെന്നു പറഞ്ഞാണ് ഫണ്ട് അലോട്ടുചെയ്തിട്ടുള്ളത്. പദ്ധതികൾക്ക് ഇനിയും കൂടുതൽ ഫണ്ട് ആവശ്യമുണ്ട്. രണ്ടുകോടി രൂപ ഉടൻതന്നെ കിട്ടിയാൽ മാത്രമേ എത്തായിരുന്നാലും നിവൃത്തിയുള്ളു. മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്കു കൂടുതൽ ഫണ്ട് ആവശ്യമാണ്. അതു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. പി. വിൽസൺ : പല പദ്ധതികളുടേയും ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തിയായ ശേഷം വെള്ളം കിട്ടുന്നില്ലെന്ന അവസ്ഥയുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു. അങ്ങനെയുള്ള പദ്ധതികളെ സംബന്ധിച്ചും അതു നടത്തിയ ഉദ്യോഗസ്ഥൻമാരെസംബന്ധിച്ചും പ്രവർത്തനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ അന്വേഷണം നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ : അതു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണു്. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും എന്തുകൊണ്ടാണു് അങ്ങനെ വരാനുള്ള കാരണം എന്നുള്ളതിനെസംബന്ധിച്ചു് അന്വേഷിക്കുന്നതിനു വിരോധമില്ല.

ഭൂ വിതരണക്കമ്മിറ്റികൾ

* 39 [146] ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള:

,, കെ. പുരുഷോത്തമൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂ വിതരണക്കമ്മിറ്റികൾ പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഭൂവിതരണം പ്രസ്തുത കമ്മിറ്റികൾ മുഖേന കാര്യക്ഷമമായി നടത്താൻ വല്ല പദ്ധതികളും ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ടോ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) ഇല്ല.

(ബി) ഉണ്ടു്.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: ഭൂവിതരണ കമ്മിറ്റികൾക്കു് അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ പലപ്പോഴും ശരിയായി നടപ്പിലാക്കാൻ കഴിയാത്തവിധം ഇന്നു പല തകരാറുകളും ഉണ്ടെന്നുള്ള വസ്തുത ഗവൺമെൻറു മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: അതിനുള്ള വിഷമങ്ങൾ എന്താണെന്നു പ്രത്യേകിച്ചു ചൂണ്ടിക്കാണിച്ചാൽ അതിനെപ്പറ്റി അന്വേഷണം നടത്താം. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന കോറം കൂടുതലാണെന്നുള്ളതുകൊണ്ടു് കമ്മിറ്റികൾ പലതും കൂടാതെ വന്നിട്ടുണ്ടെന്നുള്ളതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതനുസരിച്ചു് കോറം മൂന്നിലൊന്നു് എന്നുള്ളതു് ആറിലൊന്നു് എന്നു ചുരുക്കിയിട്ടുണ്ടു്.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: ഭൂ വിതരണകമ്മിറ്റികളിൽ സമർപ്പിക്കപ്പെടുന്ന പല അപേക്ഷകളും റവന്യൂവകുപ്പുദ്യോഗസ്ഥൻമാരുടെ ദയാദാക്ഷിണ്യത്തെ മാത്രം അടിസ്ഥാനമാക്കിയാണു് കമ്മിറ്റിയുടെ മുൻപിൽ വരുന്നതു് എന്നുള്ളതു പരിഗണിച്ചു് കൂടുതൽ കാര്യക്ഷമമായ രീതിയിൽ അപേക്ഷകൾ സമർപ്പിക്കപ്പെട്ടാൽ കമ്മിറ്റികളുടെ മുൻപിൽ കാലതാമസം വിനാ വരാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: ചുരുങ്ങിയ കാലത്തിനുള്ളിൽ ഭൂവിതരണ പരിപാടികൾ വളരെ വേഗം നടപ്പിലാക്കാൻ പൊതുവേ ഉദ്യോഗസ്ഥൻമാർക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടു്. കമ്മിറ്റികൾ കൃത്യമായി കൂടണമെന്നും ലാൻഡ് അസൈൻമെൻറു നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി സ്റേറ റ്റടിസ്ഥാനത്തിൽ ഒരു പ്രത്യേക ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ നിയമിക്കുകയും കൂടുതൽ സർവ്വേ സ്റാഫിനെ നിയമിക്കുകയും എല്ലാം ചെയ്തിട്ടുണ്ടു്. ആ രംഗം സജീവമാക്കിക്കൊണ്ടിരിക്കാൻ ഗവൺമെൻറു് എല്ലാ പ്രയത്നങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly